പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3409 | 21-12-2012 - ലെ മറുപടിയ്ക്ക്

## പച്ചത്തേങ്ങ, കൊപ്ര എന്നിവയുടെ സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; ഇനി എത്ര കോടി രൂപ കൂടി അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 21 കോടി രൂപയിൽ 13 കോടി രൂപ കൃഷി വകുപ്പിന്റെ 2012-13 വർഷത്തിലെ വിവിധ പദ്ധതികൾക്കായി മാറ്റി വച്ചിരിയ്ക്കുന്ന തുകയിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴിയും ബാക്കി 8 കോടി രൂപ കൃഷി വകുപ്പിന് അധികമായി ധനസഹായമായും ലഭ്യമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) കൃഷിഭവനുകൾ വഴി കിലോയ്ക്ക് എത്ര രൂപയ്ക്കാണ് പച്ചത്തേങ്ങ സംഭരണം നടത്താൻ ഉദ്ദേശിക്കുന്നത്; കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും മാത്രമേ തേങ്ങ സംഭരിക്കുകയുള്ളുവോ ; നിലവിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തു ; വിശദമാക്കുമോ ; | (ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ ക്വിന്റലിന് 1400 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുവാൻ ഉദ്ദേശിക്കുന്നത്. കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും മാത്രമേ തേങ്ങ സംഭരിക്കുകയുള്ളു. രജിസ്റ്റർ ചെയ്യുന്ന നടപടിയും പദ്ധതി നടപ്പിലാക്കുന്നതിനായി കൃഷിഭവനുകളെ തെരഞ്ഞെടുക്കുന്ന നടപടിയും പൂർത്തീകരിച്ചു വരുന്നു. |
| (സി) കൊപ്ര സംഭരിക്കുന്ന എല്ലാ ഏജൻസികൾക്കും സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ക്വിന്റലിന് എത്ര രൂപ നിരക്കിൽ സബ്സിഡി നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) സ.ഉ.(എം.എസ്) നം.279/12/കൃഷി തീയതി 10-12-12 പ്രകാരം കൊപ്ര സംഭരിക്കുന്ന എല്ലാ ഏജൻസികൾക്കും ക്വിന്റലിന് 500 രൂപ ഇൻസെന്റീവ് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) തേങ്ങ വാങ്ങാനായി ഓരോ കൃഷി ഭവനിനും എത്ര തുക റിവോൾവിങ് ഫണ്ടായി അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) പച്ചത്തേങ്ങ സംഭരിക്കുന്ന കൃഷി ഭവനുകൾക്ക് 2 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

(ഇ) തേങ്ങ ഉണക്കി കൊപ്രയാക്കാൻ എത്ര കേന്ദ്രങ്ങളിൽ ഡ്രൈയറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ; എവിടെയെല്ലാം ; വിശദമാക്കുമോ ;

(ഇ) 14 ജില്ലകളിലും മൂന്ന് കാർഷിക മൊത്ത വ്യാപാര വിപണികളിലും നാളികേര വികസന കോർപ്പറേഷന്റെ മൂന്ന് സ്ഥലങ്ങളിലും 20,000 നാളികേരം വീതം പ്രതിദിനം സംസ്ക്കരിക്കാവുന്നതും 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമായ ഓരോ ഡ്രയറുകൾ സ്ഥാപിക്കുന്നതിന് (ആകെ 20 ഡ്രയറുകൾ) ആണ് അനുവദിച്ചിട്ടുള്ളത്.

(എഫ്) സർക്കാരിന്റെ പ്രോത്സാഹന നടപടികൾ കാരണം 2011 - 12 സാമ്പത്തിക വർഷം നവംബർ 30 വരെ എത്ര ടൺ കൊപ്ര സംഭരിക്കാൻ സാധിച്ചു ; വിശദമാക്കുമോ;

(എഫ്) 2011-12 സാമ്പത്തിക വർഷം നവംബർ 30 വരെ കേരഫെഡ് മുഖേന 9600 ടൺ കൊപ്രയും മാർക്കറ്റ്ഫെഡ് മുഖേന 6781 ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്.

(ജി) കേന്ദ്രം നിലവിൽ കൊപ്രയ്ക്ക് ക്വിന്റലിന് എത്ര രൂപ താങ്ങുവില നൽകുന്നുണ്ടെന്ന് അറിയിക്കുമോ; ആയത് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(ജി) കേന്ദ്ര സർക്കാർ നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയും ഉണ്ട കൊപ്രയ്ക്ക് 5350 രൂപയുമാണ്. ഓരോ വർഷവും നാളികേരത്തിന്റെ ഉൽപാദനച്ചെലവിനെ ആസ്പദമാക്കിയുള്ള റിപ്പോർട്ട് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താങ്ങുവില ഉയർത്തണമെന്ന ആവശ്യവും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. താങ്ങുവില സംബന്ധിച്ചുള്ള അന്തിമ തീരുമാനം കേന്ദ്ര സർക്കാരാണ് കൈക്കൊള്ളുന്നത്.

(എച്ച്) പാമോയിലിന് ഇപ്പോൾ 15 രൂപ സബ്സിഡി കേന്ദ്രം നൽകുന്നത് വെളിച്ചെണ്ണയ്ക്കു കൂടി നൽകാൻ ആവശ്യപ്പെടുമോ ; വിശദമാക്കുമോ;

(എച്ച്) പാമോയിലിന് ഇപ്പോൾ കേന്ദ്രം നൽകുന്ന 15 രൂപ സബ്സിഡി വെളിച്ചെണ്ണയ്ക്കു കൂടി നൽകണമെന്ന് 01-12-12 ലെ 2908/സി1/11/F&CSD നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഐ) കേര കർഷകരെ രക്ഷിക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതിയിലും സാമൂഹികക്ഷേമ വകുപ്പിന്റെ സമഗ്ര ശിശുക്ഷേമ പദ്ധതിയിലും പാചകത്തിന് വെളിച്ചെണ്ണ ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

(ഐ) 17-10-12 ൽ, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നാളികേരത്തിന്റെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ സ്ക്കൂളുകളിലും അംഗൻവാടികളിലും ഉച്ച ഭക്ഷണം പാകം ചെയ്യുന്നതിന് സംസ്ഥാനത്തു നിന്നുള്ള വെളിച്ചെണ്ണ പരമാവധി ഉപയോഗിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ